DESPATCHED On..25/02/2020

1/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.21(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.184/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ഇ.എ.അബ്ദുൾ റഹിമാൻ,
30/400 (വി.എൻ –139),
മോനങ്കാവ്, വെസ്റ്റ് യാക്കര,
പാലക്കാട് – 678 001.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നാഷണൽ ഹെൽത്ത് മിഷൻ,
ജനറൽ ആശുപത്രി ജംഗ്ഷൻ,
തിരുവനന്തപുരം – 695 035.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21/11/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09/01/2018 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 02/01/2018 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 06/01/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 01/02/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 01/02/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഇ.എ. അബ്ദുൾ റഹിമാൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയത്, സർക്കാർ ഉത്തരവ് നം. 107/2017/ഫിൻ. തീയതി 16.8.2017 പ്രകാരം റീ–എംപ്ലോയ്ഡ് പെൻഷണർമാർക്കും ഉത്സവബത്തയ്ക്ക് അർഹതയുള്ളതായി വ്യക്തമാക്കിയിരുന്നു എന്നും അതിന്റെ തുടർച്ചയായി എൻ.എച്ച്.എം. എല്ലാ കരാർ ജീവനക്കാർക്കും ഉത്സവബത്ത അനുവദിക്കുന്നതിന് എൻ.എച്ച്.എം. 5252/സി.എ./2015/എസ്.പി.എം.എസ്.യു. തീയതി 24.8.2017 പ്രകാരം സ്റ്റേറ്റ് മിഷൻ ഡയറക്ടറും ഉത്തരവ് ഇറക്കിയിരുന്നു എന്നും പക്ഷെ സർവ്വീസിൽ നിന്നും

വിരമിച്ച ഹർജിക്കാരന് മേൽപ്പടി ഉത്സവബത്തയ്ക്ക് അർഹതയില്ല എന്നു പറഞ്ഞുകൊണ്ട് ആയത് ടിയാന് അനുവദിച്ചു നൽകിയില്ല എന്നും ആയതിനാൽ താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നുമാണ്.

1) മേൽ പറഞ്ഞ രണ്ടു കാര്യങ്ങളിൽ ഏതാണ് ശരിയായ നടപടി എന്നും
2) ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്നതിന് പറഞ്ഞ കാരണം ഹർജിക്കാരൻ എൻ.എച്ച്.എം.ലെ കരാർ ജീവനക്കാരനാണെന്നും ഉത്സബത്ത അനുവദിച്ചു നൽകിയ ഘട്ടത്തിൽ ഹർജിക്കാരൻ കരാർ ജീവനക്കാരുടെ പരിധിയിൽ വരില്ല എന്നുമുള്ളത് ശരിയായ നടപടിയാണോ എന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ 27.11.2017 തീയതി മേൽപ്പടി ഓഫീസിൽ ലഭിച്ചിരുന്നു എന്നും ഹർജിക്കാരന്റെ അപേക്ഷാവിഷയവുമായി ബന്ധപ്പെട്ട ഓഫീസ് പാലക്കാട് എൻ.എച്ച്.എം ജില്ലാ ഓഫീസാകയാൽ അവിടെ നിന്നും ഹർജിക്കാരന് 3.1.2018 തീയതി മറുപടി നൽകിയിട്ടുണ്ടെന്നും പാലക്കാട് ഓഫീസിൽ നിന്നും വിവരം നൽകാൻ നിർദ്ദേശിക്കുന്നതിന് മുമ്പ് എൻ.എച്ച്.എം സംസ്ഥാന ഓഫീസിലെ വിവിധ സീറ്റുകളിൽ വിവരം ലഭ്യമാണോ എന്നറിയിക്കുന്നതിലേയ്ക്കായി ഹർജിക്കാരന്റെ അപേക്ഷ നൽകിയിരുന്നു എന്നും മേൽപ്പടി വിവരം സംസ്ഥാന ഓഫീസിൽ ലഭ്യമല്ലെന്നു ബോധ്യമായതിനെ തുടർന്നാണ് ആയത് പാലക്കാട് ഓഫീസിലേക്ക് അയച്ചു നൽകിയത് എന്നും മറ്റുമാണ്. പാലക്കാട് ഓഫീസിൽ നിന്നും ഹർജിക്കാരന് നൽകിയ മറുപടിയുടെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എൻ.എച്ച്.എം. സംസ്ഥാന ഓഫീസിൽ ലഭ്യമായിരുന്നില്ല എന്നു ബോധ്യമായ അവസരത്തിലാണ് ആയത് പാലക്കാട് ജില്ലാ ഓഫീസിലേക്ക് അയച്ചു നൽകിയിരുന്നത് എന്നും തുടർന്ന് മേൽപ്പടി ഓഫീസിൽ നിന്നും ഹർജിക്കാരന് മറുപടി നൽകിയിരുന്നതായും കാണുന്നു. ആയത് പരിശോധിച്ചതിൽ പാലക്കാട് ഓഫീസിൽ നിന്നും ഹർജിക്കാരന് നൽകിയിരുന്ന മറുപടി ശരിയായിരുന്നു എന്നു കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 1-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM